# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രാർത്ഥിച്ചും, പരിത്യാഗം ചെയ്തും, പുണ്യപ്രവൃത്തികൾ അനുഷ്ടിച്ചും നോമ്പുകാലം ചൈതന്യം നിറഞ്ഞകാലമാക്കിത്തീർക്കാൻ നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ ആശംസകൾ സ്നേഹപൂർവ്വം എല്ലാവർക്കും നേരുന്നു. ലോകമെമ്പാടും കൊറോണ വൈറസ് ബാധ നിയന്ത്രണാതീതമായി പടരുമ്പോൾ രോഗബാധിതരായവർക്കു വേണ്ടിയും, ഇവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കു വേണ്ടിയും ലോകം മുഴുവനുവേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഉത്ഥിതനായ ഈശോ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഉയിർപ്പ്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ഗീവർഗീസ് |
| പ്രാർത്ഥനാനിയോഗം | : | ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കുവേണ്ടി |
| വചനഭേരി | : | ലോഗോസ് 2020 സുവിശേഷഭാഗം മനഃപാഠമാക്കുക |
| സുകൃതം | : | 72 സ്വർല്ലോക രാജ്ഞി |
| *ദിയാക്കോണിയ* | : | മാധ്യമസാക്ഷരത |

## ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 04 തിങ്കൾ | : | മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 14-ാം ചരമവാർഷികം |
| 12 ഞായർ | : | ഈസ്റ്റർ |
| 13 – 17 | : | ക്രിസ്റ്റീൻധ്യാനം – മദർഹോം |
| 17 – 20 | : | അതിരൂപതാതല എം റ്റി സി ക്യാമ്പ് – തയ്യേനി |
| 24 | : | വി. ഗീവർഗീസ് സഹദായുടെ തിരുനാൾ |
| 26 | : | ദൈവവിളി ദിനം |

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, ഭവന സന്ദർശനങ്ങൾ...

## ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2019 – 20 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ

റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും, ശാഖാ – മേഖലാ വാർഷിക റിപ്പോർട്ട് മെയ് 31 ന് മേഖലാ ഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണം.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2020 – 2021 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ നടത്തി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സീനിയർ ഭാരവാഹികൾ 5 പേരെയും ജൂണിയർ ഭാരവാഹികൾ 4 പേരെയുമാണ് തിരഞ്ഞെടുക്കേണ്ടത്.

## ദിയാക്കോണിയ

ഏപ്രിൽ – മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1. വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കുട്ടികളെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ഒരു വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കുന്നു. (ഒരു ദിവസം ഒരു ദൈവവചനം വീതം കുട്ടികൾക്ക് അയച്ചു കൊടുക്കുക, അതിരൂപതയിൽ നിന്നും മേഖലയിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങളും പഠനഭാഗങ്ങളും അയച്ചുകൊടുക്കുക. )
2. വിശുദ്ധരുടെ ജീവചരിത്രം ഓഡിയോ, വീഡിയോ രൂപത്തിൽ യൂറ്റ്യൂബ് ചാനൽ, വാട്സാപ്പ് വഴി പ്രചരിപ്പിക്കുക.
3. ബൈബിൾ പഠന ടെലികിസ്സ് നടത്തുക.
4. മൊബൈൽ ഫോൺ, ഇന്റർനെറ്റ് ബോധവൽക്കരണ ക്ലാസ്സ്.
5. എല്ലാ ശാഖയും ഒരു ഫെയ്സ്ബുക്ക് പേജ് നിർമ്മിക്കുക.

## M T C ക്യാമ്പും മിഷൻ സന്ദർശനവും

ഈ വർഷത്തെ അതിരൂപതാതല എം റ്റി സി ക്യാമ്പ് ഏപ്രിൽ 17–ാം തിയതി വൈകുന്നേരം 4 മണിമുതൽ തയ്യേനി ശാഖയിൽ വച്ച് ആരംഭിക്കും. മേഖലാതല ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. ക്യാമ്പിന് ഒരു കുട്ടിക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. 20–ാം തിയതി രാവിലെ ക്യാമ്പ് സമാപിക്കും. ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 24 മുതൽ മെയ് 1 വിരെ ഉജ്ജ്വൻ മിഷനിലേക്ക് തീർത്ഥാടനവും ഉണ്ടായിരിക്കും. കൊറോണ വൈറസ് ബാധ പടർന്ന് പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അധികാരികളിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ ഉണ്ടായാൽ മീറ്റിംഗിൽ ചർച്ച ചെയ്ത് പുതുക്കിയ തിയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## ക്രിസ്റ്റീൻ ധ്യാനം

6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും മലബാർ ക്രിസ്റ്റീൻ ടീമിന്റെയും, മദർഹോമിന്റെയും നേതൃത്വത്തിൽ ഏപ്രിൽ 13 മുതൽ 17 വരെ പരിയാരം മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 600 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ

താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : - 9446567101. കൊറോണ വൈറസ് ബാധ പടർന്ന് പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അധികാരികളിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ ഉണ്ടായാൽ മീറ്റിംഗിൽ ചർച്ച ചെയ്ത് ധ്യാനത്തെക്കുറിച്ച് തീരുമാനമെടുക്കും. നേരത്തെ സൂചിപ്പിച്ച നമ്പറിലൊ 9496900845, 8281255847 നമ്പറുകളിലോ വിളിച്ച് ധ്യാനമുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം ധ്യാനത്തിന് വരിക.

## പഠന ഒരുക്ക ക്രിസ്റ്റീൻ ധ്യാനം

4 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായും 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായും മിഷൻലീഗിന്റെയും മലബാർ ക്രിസ്റ്റീൻ ടീമിന്റെയും, മദർഹോമിന്റെയും നേതൃത്വത്തിൽ മെയ് 17 മുതൽ 21 വരെ രണ്ട് സെക്ക്ഷനുകളിലായി പരിയാരം മദർഹോമിൽ വച്ച് പഠന ഒരുക്ക ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 600 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : - 9446567101 . കൊറോണ വൈറസ് ബാധ പടർന്ന് പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അധികാരികളിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ ഉണ്ടായാൽ മീറ്റിംഗിൽ ചർച്ച ചെയ്ത് ധ്യാനത്തെക്കുറിച്ച് തീരുമാനമെടുക്കും. നേരത്തെ സൂചിപ്പിച്ച നമ്പറിലൊ 9496900845, 8281255847 നമ്പറുകളിലോ വിളിച്ച് ധ്യാനമുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം ധ്യാനത്തിന് വരിക.

## ദി ലീഡർ (നേതൃത്വ പരിശീലന ശില്പശാല)

2020 മെയ് 6 മുതൽ 9 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലും മെയ് 11 മുതൽ 14 വരെ തലശ്ശേരി സന്ദേശ ഭവനിലും വച്ച് സാൻജോസ് അക്കാഡമിയുടെയും ചെറുപുഷ്പ മിഷൻലീഗിന്റെയും് നേതൃത്വത്തിൽ ദി ലീഡർ എന്നപേരിൽ നേതൃത്വ പരിശീലന ശില്പശാല നടത്തുന്നു. അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകരെയും ആണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന ആദ്യം പേരു നൽകുന്ന 80 കുട്ടികൾക്കാണ് പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 900 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെകൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.
സാൻജോസ് അക്കാഡമി ഫോൺ : 9496850441, 8281750777
മിഷൻലീഗ് ഓഫീസ് ഫോൺ : 9496900845, 8281255847

## വചനഭേരി മെഗാക്വിസ്സ്

മത്സരം നടക്കുന്ന തീയതി - പിന്നീട് അറിയിക്കുന്നതായിരിക്കും.
മത്സരം നടക്കുന്ന സ്ഥലം - സെന്റ് മേരീസ് ഫൊറോന ചർച്ച് തളിപ്പറമ്പ്
മത്സരം നടക്കുന്ന സമയം - 10.30 am

### നിബന്ധനകൾ

1) പ്രായപരിധി - 01.01.02 നും 31. 12. 07 നും ഇടയിൽ ജനിച്ചവർ
2) അംഗത്വകാർഡ് നിർബന്ധമാണ്

3) മേഖലകളിൽ നിന്ന് ഒരാൾ ആണ് പങ്കെടുക്കേണ്ടത് (Boy or Girl)
5) വിവിധ തരത്തിലുള്ള റൗണ്ടുകളിലൂടെ മത്സരം നടത്തി വിജയികളെ കണ്ടെത്തുന്നു.
6) ഒന്നാം സമ്മാനം 1501 രൂപ, രണ്ടാം സമ്മാനം 1001 രൂപ, മൂന്നാം സമ്മാനം 501 രൂപ

**പഠനഭാഗം**

1) ആദ്ജന്തസ് 1 മുതൽ 4 വരെ അദ്ധ്യായങ്ങൾ
2) സീറോമലബാർ സഭയുടെ മിഷൻ പോളിസി
3) വി. ലൂക്കായുടെ സുവിശേഷം 1 മുതൽ 15 വരെ അദ്ധ്യായങ്ങൾ
4) സഭ, സംഘടന, നിയമാവലി (20 %)

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് എടൂർ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന സെബാസ്റ്റ്യൻ തെക്കേടത്ത് അച്ചന് അതിരൂപതാ സി. എം. എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. മാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## കൈയ്യെഴുത്ത് മാസിക വിജയികൾ

| | | |
|---|---|---|
| I | വെള്ളരിക്കുണ്ട് | – അപേർത ഹൊറൈസോൺ |
| II | കുട്ടാപറമ്പ് | – റൊഗാത്തേ എർഗോ |
| III | കച്ചേരിക്കടവ് | – ജാലകം |

പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായവർ – പാത്തൻപാറ, പുറവയൽ, കണിച്ചാർ, രാജഗിരി, തയ്യേനി.

വിജയികളായവർക്കും മത്സരത്തിൽ പങ്കെടുത്തവർക്കും പ്രോത്സാഹിപ്പിച്ച ഡയറക്ടർ അച്ചൻമാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും ശാഖാ മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## റീജൻസി ബ്രദേഴ്സിനെ ആദരിച്ചു

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ അതിരൂപതയുടെ വിവിധ സെന്ററുകളിൽ ഈ വർഷം റീജൻസി ചെയ്യുന്ന വൈദിക വിദ്യാർത്ഥികളെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും ദൈവജനത്തെ ദൈവസ്നേഹത്തിലേയ്ക്ക് നയിക്കുന്ന വിശുദ്ധരായ അജപാലകരാകാൻ ആശംസകൾ നേരുകയും ചെയ്തു.

## മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

♦ 2019 – 20 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ മേടിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ ആദ്യ ആഴ്ചത്തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട തുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ കൊറോണ വൈറസ് രോഗബാധ മൂലം കുട്ടികളും മുതിർന്നവരും ഇപ്പോൾ ഭവനങ്ങളിൽ തന്നെ വസിക്കുകയാണല്ലോ. കുട്ടികൾക്കും മുതിർന്ന വർക്കും ആത്മീയമായി വളരുവാൻ സഹായിക്കുന്ന ദൈവവചനങ്ങളും പ്രസം ഗങ്ങളും അറിയിപ്പുകളും വാഡ്സപ്പ് വഴി അയക്കുന്നുണ്ട്. അത് എല്ലാവരും കുടുംബാംഗങ്ങൾക്കും അയൽക്കാർക്കും കുട്ടികൾക്കും ഷെയർ ചെയ്യണം.

## കൊറോണ വൈറസ് : മിഷൻലീഗ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

കൊറോണ വൈറസ് രോഗബാധ വളരെയധികം പടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വേണ്ടത്ര മുൻ കരുതലുകൾ എടുക്കാൻ പ്രത്യേകം ശ്രദ്ധി ക്കണെ. ഗവൺമെന്റ് തരുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാ വരും ശ്രദ്ധിക്കണം. അതോടൊപ്പം കൊറോണ വൈറസ് രോഗം ബാധിച്ച വർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ. എല്ലാവരും ശ്രദ്ധിക്കേണ്ട ഏതാനും നിർദ്ദേ ശങ്ങൾ ചുവടെ ചേർക്കുന്നു.

- ♦ നിരന്തരം സോപ്പും വെള്ളവും ഒഴിച്ച് കൈകൾ കഴുകുക. Brake The Chain പദ്ധതിയിൽ പങ്കാളിയാവുക.
- ♦ വ്യക്തിശുചിത്വം പാലിക്കുക, ധാരാളം വെള്ളം കുടിക്കുക
- ♦ ചൂട് ഉള്ള ഭക്ഷണം മാത്രം കഴിക്കുക
- ♦ ഭവനസന്ദർശനങ്ങൾ തത്ക്കാലം വേണ്ട എന്ന് വയ്ക്കുക.
- ♦ പനി, തലവേദന, തൊണ്ടവേദന മുതലായ ലക്ഷണങ്ങൾ ഉള്ളവർ ഉടൻ വൈദ്യ സഹായം തേടുക.
- ♦ രോഗികൾക്കുവേണ്ടിയും ശുശ്രൂഷിക്കുന്നവർക്കുവേണ്ടിയും നന്നായി പ്രാർത്ഥിക്കുക.

## അതിരൂപത മാനേജിംഗ് കമ്മറ്റി

ഈ പ്രവർത്തന വർഷത്തെ അവസാനത്തെ മാനേജിംഗ് കമ്മറ്റി മെയ് 8, 9 തീയതികളിൽ സന്ദേശ ഭവനിൽ വച്ച് നടത്തുന്നതായിരിക്കും ഒരു ദിവസത്തെ ക്യാമ്പ് ആയിട്ടാണ് ക്രമീകരിക്കുന്നത് എല്ലാവരും നിർബന്ധമായും എത്തി ച്ചേരുമല്ലോ.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ

സാമ്പൽപൂരിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. സഹകരിച്ച ജോസ്ഗിരി, മേലെചൊവ്വ, മേരിപുരം, പുലിക്കുരുമ്പ, ചെമ്പേരി, ചായ്യോത്ത്, വെളിമാനം, കാലിച്ചാനടുക്കം എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം ആടിനെ നൽകാത്ത മേഖലകൾ ഈ മാസം തന്നെ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമമായ എയ്ഞ്ചൽസ് മീറ്റ് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ എണ്ണം എത്രയും വേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Brak The Chain Awarnes :** സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തലശ്ശേരി ധർമ്മടം പ്രദേശങ്ങളിൽ നടന്ന Brak The Chain Awarnes പ്രവർത്തനങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ സജി കുന്നത്ത്, ജെറിൻ ചേമ്പാലക്കുന്നേൽ എന്നിവർ പങ്കുചേർന്നു. നന്ദിയും അഭിനന്ദനങ്ങളും.

## റീജിയണൽ സംഗമം

23.02.20 ന് തോമാപുരം, വെള്ളരിക്കുണ്ട് മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് കാഞ്ഞങ്ങാട് മേഖല റീജിയണൽ സംഗമവും; 08.03.20ന് ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ആലക്കോട് റീജിയണൽ സംഗമവും അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ നേതൃത്വത്തിൽ വരക്കാട്, ആലക്കോട് ശാഖകളിൽ വച്ച് നടന്നു. മീറ്റിംഗുകൾക്ക് നേതൃത്വം നൽകിയ റീജിയണൽ ഓർഗനൈസേഴ്സ് ആയ ബിജു കൊച്ചുപൂവക്കോട്ട്, ഷിജോ സ്രായിൽ, സണ്ണി പടിഞ്ഞാറെചിറ്റേടത്ത് എന്നിവർക്കും ഡയറക്ടർ അച്ചൻമാർക്കും, വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും ഹൃദയംഗമമായ നന്ദി.

## സെമിനാറുകൾ, ക്യാമ്പുകൾ

22-2-20 ന് കുന്നോത്ത് മേഖലാ എം റ്റി സി ക്യാമ്പിൽ ഡയറക്ടർ ഫാ ജോസഫ് വേങ്ങക്കുന്നേൽ. ബേബി സാർ എന്നിവർ ക്ലാസ്സ് എടുത്തു. 23-2-20 ന് ചെറുപുഴ മേഖലാ കൗൺസിൽ വാർഷികത്തിൽ സി. റോഷ്നി പങ്കെടുക്കുകയും കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു. 29.02.20 ന് ചെമ്പേരി മേഖല എം റ്റി സി ക്യാമ്പിൽ സി റോഷ്നി ക്ലാസ്സ് എടുത്തു.

## ശാഖാ സന്ദർശനങ്ങൾ

**01.03.20 ഞായർ :** കാഞ്ഞങ്ങാട് മേഖലയിലെ 3 ശാഖകളും, തളിപ്പറമ്പ് മേഖലയിലെ 1 ശാഖയും, പനത്തടി മേഖലയിലെ 1 ശാഖയും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. പടന്നക്കാട് - സി. ടെർസിറ്റ NS, പെരിയ, പൊയ്നാച്ചി - ബിജു കൊച്ചുപൂവക്കോട്ട്, തലശ്ശേരി -സി. റോഷ്നി F C C, കള്ളാർ - സക്കറിയാസ് തേക്കുംകാട്ടിൽ.

**08 .03.2020 ഞായർ :** കാഞ്ഞങ്ങാട് മേഖലയിലെ 1 ശാഖ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. മുള്ളേരിയ - ബിജു കൊച്ചുപൂവക്കോട്ട്.

## ആദരാഞ്ജലികൾ

റവ. ഫാ. തോമസ് നടയിൽ അച്ചന്റെയും, നെല്ലിക്കാംപോയിൽ മേഖല ജനറൽ ഓർഗനൈസർ വർക്കി കരിമ്പനയ്ക്കൽ സാറിന്റെ വത്സല മാതാവ് ചിന്നമ്മയുടെയും, അതിരൂപതാ മുൻ പ്രസിഡന്റ് അഗസ്റ്റിൻ നെടിയകാലാ സാറിന്റെ വത്സല മാതാവ് റോസമ്മയുടെയും ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വലിയ ആഴ്ചയിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. നോമ്പുകാലത്തിൽ ദൈവാനുഗ്രഹം സ്വന്തമാക്കി ഉത്ഥാന മഹത്വം ആഘോഷിക്കുവാൻ നമുക്ക് ഒരുങ്ങാം. കൊറോണ വൈറസ് രോഗ ബാധമൂലം എല്ലാവരും വിഷമിച്ചിരിക്കുന്ന സന്ദർഭമാണല്ലോ ഇത്. ഭവനങ്ങളിലായിരുന്ന് വായിക്കാനും പഠിക്കാനും മാതാപിതാക്കളോടും കുടുംബാംഗങ്ങളോടും ഒരുമിച്ച് ഉല്ലസിക്കാനും വ്യക്തിപരമായി ബൈബിൾ വായിക്കാനും ഉള്ള അവസരമായി ഈ ദിവസങ്ങളെ മാറ്റുമല്ലോ. ഒപ്പം ലോകം മുഴുവനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. മരണത്തെ ജയിച്ച് മഹത്വ പൂർണ്ണനായി ഉത്ഥാനം ചെയ്ത നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ കൊച്ചുകൂട്ടുകാർക്ക് ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

## ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്കിന്റെ രണ്ടാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 4–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ ബുക്കിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. മാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## കഥപറയൽ മത്സരം

തിരുബാലസഖ്യം കുട്ടികൾക്കായി കഥ പറച്ചിൽ മത്സരം നടത്തുന്നു. ബൈബിൾ പുതിയ നിയമത്തിലെ ഏതെങ്കിലും ഒരുഭാഗം കഥയായി അവതരിപ്പിച്ച് വീഡിയോ അതിരൂപതയിലേക്ക് അയയ്ക്കുക (ഉദാ: ധനവാനും ലാസറും, ധൂർത്തപുത്രൻ, സക്കേവൂസ്, ഉപമകൾ മുതലായവ......). മത്സരത്തെ സംബന്ധിച്ചുള്ള നിബന്ധനകൾ മാർച്ച് മാസത്തെ ഗിരിദീപത്തിൽ കൊടുത്തിരുന്നു. അതിരൂപതയിൽ എത്തിക്കേണ്ട അവസാന തിയതി മാർച്ച് 20

ആണ് കൊടുത്തിരുന്നത്. ഇന്നത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഏപ്രിൽ 30 വരെ സമയം നീട്ടിയിട്ടുണ്ട് എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. നിർദ്ദേശങ്ങൾ ഒരിക്കൽ കൂടി ചുവടെ ചേർക്കുന്നു.

## നിബന്ധനകൾ

1 ഒരു ശാഖയിൽ നിന്നും ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം.

2 സമയം 5 മിനിറ്റിൽ കവിയരുത്

3 ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കഥ വീഡിയോ ആയി ഏപ്രിൽ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം E- Mail അയയ്ക്കേണ്ടതാണ്. (holychildhoodtly01@gmail.com)അയയ്ക്കുമ്പോൾ ഇടവക, കുട്ടിയുടെ പേര് വീട്ടുപേര്, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ ഉണ്ടായിരിക്കണം.

4 മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

5 വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും

## സെമിനാറുകൾ

01. 03. 20 ന് തലശ്ശേരി ശാഖാ തിരുബാലസഖ്യം കുട്ടികൾക്ക് സി റോഷ്നി ക്ലാസ്സ് എടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ